പ്രതികരണം

# ശൂറയിൽ ആഭ്യന്തര പ്രതിപക്ഷം

സി.എം.എ റഷീദ് കെ.എസ്.എ

**'പുനർവിചിന്തനങ്ങൾക്ക്** ആർജവം കാണിക്കുക' എന്ന തലക്കെട്ടിൽ ഡോ. അബ്ദുസ്സലാം വാണിയമ്പലം എഴുതിയ കാഴ്ചപ്പാട് (2009 ജൂൺ 6) ചിന്തോദ്ദീപകമായി.

നിലവിലുള്ള മുഴുവൻ ആധുനിക ജനാധിപത്യ ഭരണക്രമങ്ങളും പരിശോധിക്കുമ്പോൾ അവയുടെ ഘടന ഒരു ഭരണപക്ഷവും ഒരു പ്രതിപക്ഷവും ചേർന്നതാണ് എന്ന് മനസ്സിലാവും. ഭരണപക്ഷത്തിന് കാലാനുസൃതമായി സംഭവിക്കാവുന്ന മരവിപ്പും മുരടിപ്പും സമുദായ പക്ഷപാതിത്വവും പോരായ്മകളും വീഴ്ചകളും തെറ്റുകളും അർഹിക്കുന്ന ഗൗരവത്തോടെ കാലാകാലങ്ങളിൽ ചോദ്യം ചെയ്യാനും വിമർശിക്കാനും തിരുത്താനും ഗതി തിരിച്ചുവിടാനും ഏറെ പ്രയോജനം ചെയ്യുന്ന ഒരു ഘടനയാണ് ഇത്. ഇതു മൂലം സത്യവും നീതിയും ധർമവും ഏറക്കുറെ സംരക്ഷിക്കപ്പെടുന്നു. തൽഫലമായി സമൂഹത്തിൽ ക്രമസമാധാനവും സ്വസ്ഥതയും പുരോഗതിയും സാമൂഹിക സൗഹാർദവും പരിരക്ഷിക്കപ്പെടും.

എഡ്വാർഡ് ഡി. ബോണോയുടെ ഒരു ചിന്താ ഫോർമുലയുണ്ട്. 'ചിന്തിക്കുന്ന ആറ് തൊപ്പികൾ' (Six Hat Thinking) എന്നാണ് അതിന്റെ പേര്. ഒരു പ്രശ്നത്തെ അയുക്തിക കോണുകളിലൂടെ പോലും സമീപിക്കുന്ന ലേറ്ററൽ തിങ്കിംഗിന്റെ ഏറ്റവും നല്ല ഉദാഹരണം. മുമ്പിലുള്ള ഒരു പ്രശ്ന പരിഹാരത്തെക്കുറിച്ച ചിന്തയെ വെളുത്ത തൊപ്പി, ചുവന്ന തൊപ്പി, കറുത്ത തൊപ്പി, മഞ്ഞത്തൊപ്പി, പച്ചത്തൊപ്പി, നീലത്തൊപ്പി എന്നിങ്ങനെ ആറായി തരംതിരിക്കുന്നു. ഒരു തീരുമാനമെടുക്കുന്നതിന് മുമ്പ് ആറ് തരത്തിൽ ചിന്തിക്കണമെന്നാണ് ഇതിന്റെ ആശയം. വെളുത്ത തൊപ്പി വസ്തുതകളെയും സ്ഥിതിവിവരങ്ങളെയും നിരത്തുമ്പോൾ, ചുവന്ന തൊപ്പി തത്സമയ പ്രതികരണങ്ങളെയും വികാരങ്ങളെയും പ്രതിനിധീകരിക്കുന്നു. കറുത്ത തൊപ്പി തികച്ചും നിഷേധാത്മകമായി എതിർവാദങ്ങളും വിമർശനങ്ങളും നിരത്തി, എടുക്കാൻ പോകുന്ന തീരുമാനത്തിന്റെ അപകടസാധ്യതകളെയും പോരായ്മകളെയും നിരൂപണാത്മകമായി ചോദ്യം ചെയ്യുകയും ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. മഞ്ഞത്തൊപ്പിയാകട്ടെ, ഈ തീരുമാനം കൊണ്ടുള്ള നന്മകളെയും ഗുണഗണങ്ങളെയും അതിന്റെ കാരണങ്ങളെയും വിശദീകരിക്കുന്നു. പച്ചത്തൊപ്പി ചിന്താപരമായി വിഭിന്നങ്ങളായ ഇതല്ലാത്ത വേറെയും ഒരുപാട് പരിഹാരങ്ങളില്ലേ എന്ന അന്വേഷണത്തിലൂടെ മറ്റുള്ള മുഴുവൻ തൊപ്പികളെയും വീണ്ടും വീണ്ടും ക്രിയാത്മകതയിലേക്ക് നയിക്കുന്നു. അവസാനം നീലത്തൊപ്പിച്ചിന്തയാണ് ഇതുവരെ ചിന്തിച്ച മുഴുവൻ ചിന്തകളെയും അവലോകനം ചെയ്തുകൊണ്ട്, ഒരാവൃത്തി കൂടി പച്ചത്തൊപ്പിച്ചിന്തയിലേക്ക് തിരിച്ചുപോവുകയും വീണ്ടും കൂടുതൽ പരിഹാരങ്ങളാരായുകയും അന്തിമമായി ഏറ്റവും അനുയോജ്യമായ ഒരു തീരുമാനത്തിലെത്താൻ സഹായിക്കുകയും ചെയ്യുന്നത്.

ചിന്താരീതികളിൽ ഏറ്റവും പ്രായോഗികമായി തെളിയിക്കപ്പെട്ട ആധുനികവും വിഖ്യാതവുമായ ഒരു നല്ല രീതിയാണിത്. സുശക്തമായ ഒരു പ്രതിപക്ഷം ഉണ്ടാവണം എന്നതാണ് ഇതിന്റെ മറുവശം. ദൗർഭാഗ്യവശാൽ, ആധുനിക മുസ്‌ലിം രാജ്യങ്ങളിലോ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഭരണക്രമത്തിലോ ശൂറകളിലോ ഇത്തരം ഒരു ഘടന ദൃശ്യമല്ല. ഉള്ളതോ, പ്രതിപക്ഷമില്ലാത്ത ഭരണക്രമവും.

ഇറാഖ് ഭരിച്ച സദ്ദാം ഹുസൈന് ഇങ്ങനെ ഒരു ചിന്താരീതി അറിയാതെ പോയതാണോ? തന്റെ ജനതയെ വിമർശന നിരൂപണ പാടവങ്ങൾ ശീലിപ്പിക്കാതെ, തനിക്കും തന്റെ കുടുംബത്തിനും വേണ്ടി, നീണ്ട മുപ്പത്തിയേഴ് വർഷം ഓശാന പാടിപ്പിക്കുകയായിരുന്നുവല്ലോ അദ്ദേഹം. നിലവിലുള്ള മുസ്‌ലിം രാജ്യങ്ങളിലെയൊക്കെ ശൂറകളിൽ ഭരണാധികാരിക്ക് ഓശാന പാടുന്ന അംഗങ്ങളാണുള്ളത് എന്നാണ് കേൾവി. ഫലമോ? ചോദ്യം ചെയ്യലുകളും വിമർശനങ്ങളും നിരൂപണങ്ങളും വെച്ചുപൊറുപ്പിക്കാൻ കഴിയാത്ത അത്തരം രാജ്യങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ശൂറകളുടെയും തണലിൽ എല്ലാം മരവിച്ചുപോകുന്നു.

പക്ഷേ, ആധുനിക ലോകത്തിന്റെ വികാസത്തെയും പ്രവേഗത്തെയും ഓവർടേക്ക് ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും, ഒപ്പമെത്താനെങ്കിലും ശ്രമിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ആ രീതി ഭൂഷണമാകുമോ? ആധുനികതയുടെ കുടിലതന്ത്രങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കുകയും തടയിടാൻ തന്ത്രങ്ങളാവിഷ്കരിക്കുകയും ചെയ്യാൻ ബാധ്യതയുള്ള ഒരു ആദർശ പ്രസ്ഥാനത്തിനും ഇത്തരം ഒരു രീതി സാധ്യമല്ല.

ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഭരണക്രമമാണ് ശൂറാ. ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ശൂറകളിൽ പക്ഷേ, പ്രതിപക്ഷമില്ല എന്നാണ് അറിവ്. പ്രതിപക്ഷമില്ലാത്തിടത്ത് പ്രതീക്ഷിക്കേണ്ടത് മരവിപ്പും മുരടിപ്പുമല്ലാതെ മറ്റെന്താണ്? നഷ്ടം ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് മാത്രമല്ല. വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും ലോകത്തിനു മുഴുവനും ഇസ്‌ലാമിന്റെ സദ്ഫലങ്ങൾ നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ■

cmarasheed@anseglobal.com